| **Headline:** NSE offers postgraduate certification in Financial Sector Programme | |
|---|---|
| **Source:** Deepika | **Date:** 09 April 2016 |

# എൻഎസ്ഇയുടെ കോഴ്സ് കൊച്ചിയിൽ

**കൊച്ചി:** നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ (എൻഎസ്ഇ) പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് ഇൻ ഫിനാൻഷൽ സെക്ടർ മാനേജ്മെന്റ് (പിജിസി-എഫ്എസ്എം) കോഴ്സ് നടത്തുന്നതിന് എൻഎസ്ഇയും മുത്തൂറ്റ് ഗ്രൂപ്പിന്റെ ബ്രോക്കിംഗ് സ്ഥാപനമായ മുത്തൂറ്റ് സെക്യൂരിറ്റീസ് ലിമിറ്റഡും തമ്മിൽ കരാറിൽ ഒപ്പുവച്ചു. എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെന്റ് രവി വാരണാസിയും മുത്തൂറ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റും സംയുക്തമായി കോഴ്സ് സംബന്ധിച്ച പ്രഖ്യാപനം നടത്തി.

ധനകാര്യ സേവന വ്യവസായത്തിൽ കരിയർ പടുത്തുയർത്താൻ സഹായിക്കുന്ന എൻഎസ്ഇയുടെ സർട്ടിഫിക്കറ്റ് കോഴ്സ് ഇവിടത്തെ പ്രത്യേക ആവശ്യങ്ങളെ മുൻനിർത്തി രൂപകല്പന ചെയ്തതാണെന്നു രവി വാരണാസി പറഞ്ഞു. ബാങ്കിംഗ്, ഫിനാൻഷ്യൽ സർവീസ്, ഇൻഷ്വറൻസ്( ബിഎഫ്എസ്ഐ) മേഖലയിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ മാനേജർമാരെ സഹായിക്കുന്ന വിധത്തിലാണു കോഴ്സ് രൂപകല്പന ചെയ്തിട്ടുള്ളത്. കോഴ്സിന്റെ ആറു പേപ്പറുകളിൽ രണ്ടെണ്ണം എൻഎസ്ഇ നേരിട്ടു കൈകാര്യം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ധനകാര്യ സേവന മേഖലയിൽ മികച്ച കരിയർ രൂപപ്പെടുത്താൻ സഹായിക്കുന്ന വിധത്തിലാണ് എൻഎസ്ഇ കോഴ്സ് രൂപപ്പെടുത്തിയിട്ടുള്ളതെന്നു മുത്തൂറ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. കോഴ്സിനു ചേരുന്നവർക്കു പലിശയില്ലാതെ വായ്പയും മുത്തൂറ്റ് വാഗ്ദാനം ചെയ്യുന്നതായി അദ്ദേഹം പറഞ്ഞു.

ആറുമാസ കലാവധിയുള്ള, ദ്വൈസെമസ്റ്റർ വാരാന്ത കോഴ്സാണ് എൻഎസ്ഇയുടെ പിജിസി-എഫ്എസ്എം കോഴ്സ്. ഓരോ സെമസ്റ്ററിലും മൂന്നു പേപ്പർ വീതമുണ്ടാകും. മുത്തൂറ്റ് ഗ്രൂപ്പിന്റെ തൃപ്പൂണിത്തുറയിലെ മുത്തൂറ്റ് മാനേജ്മെന്റ് അക്കാഡമിയിലാണ് (എംഎംഎ) കോഴ്സ് നടത്തുന്നത്. 68,700 രൂപയാണ് ഫീസ്. ബിരുദമാണു യോഗ്യത. പ്രായപരിധിയില്ല. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www1.nseindia.com/educationontent/nseothers.htm വെബ്സൈറ്റിൽ ലഭിക്കും. മുത്തൂറ്റ് സെക്യൂരിറ്റീസ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ജി.ആർ. രാഗേഷ്, എസ്ബിയു എഡ്യൂക്കേഷൻ ലീഡും ദക്ഷിണ മേഖലയുടെ ബിസിനസ് അഡ്മിനിസ്ട്രേഷൻ വിഭാഗം ഹെഡുമായ സുനിത ആനന്ദ്, കോർപറേറ്റ് കമ്യൂണിക്കേഷൻസ് വിഭാഗം മേധാവി അരിന്ദം സാഹ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു. എൻഎസ്ഇയുടെ കലൂരിലെ ഓഫീസിന്റെ ഉദ്ഘാടനവും ഇന്നലെ നടന്നു.



നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ (എൻഎസ്ഇ) പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് ഇൻ ഫിനാൻഷ്യൽ സെക്ടർ മാനേജ്മെന്റ് (പിജിസി-എഫ്എസ്എം) കോഴ്സ് നടത്തുന്നതിന് എൻഎസ്ഇയും മുത്തൂറ്റ് സെക്യൂരിറ്റീസ് ലിമിറ്റഡും തമ്മിലുള്ള ധാരണാപത്രം എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെന്റ് രവി വാരണാസിയും മുത്തൂറ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റും കൈമാറിയപ്പോൾ. ജി.ആർ. രാഗേഷ്, സുനിത ആനന്ദ്, അരിന്ദം സാഹ എന്നിവർ സമീപം.